**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 118** | **30-08-2022 - ൽ മറുപടിയ്ക്ക്**

**ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ ലഘൂകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങളും മരണങ്ങളും വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങളും മരണങ്ങളും വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ ലഘൂകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകുമോ; | (ബി) | ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ ലഘൂകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>ഇടിമിന്നൽ മുന്നറിയിപ്പുകൾ, പൊതുജനങ്ങൾ സ്വീകരിക്കേണ്ട സുരക്ഷാമുൻകരുതലുകൾ തുടങ്ങിയവ മൺസൂൺ സീസണിൽ എല്ലാ ദിവസവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) പുറപ്പെടുവിക്കുന്ന 'Daily warnings' ൽ ഉൾപ്പെടുത്തുകയും ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ എന്നിവ വഴി മുന്നറിയിപ്പുകൾ നൽകുകയും ചെയ്യുന്നു.<br><br>ഇടിമിന്നൽ ദുരന്ത ലഘൂകരണ പ്രവർത്തന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളുടെ പ്രധാന ചുമതലകൾ എന്നിവ കൃത്യമായി നൽകിയിരിക്കുന്നു.<br><br>ഇടിമിന്നൽ ദുരന്ത ലഘൂകരണത്തിന്റെ ഭാഗമായി വ്യത്യസ്ത മേഖലയിലെ വിദഗ്ധർ നൽകുന്ന വിവിധ തരത്തിലുള്ള ബോധവത്കരണ വീഡിയോ സന്ദേശങ്ങൾ KSDMAയുടെ Youtube ചാനലിലൂടെ ലഭ്യമാണ്. ഇതുകൂടാതെ വിവിധ ഭാഷയിലുള്ള IEC (Information Education Communication) മെറ്റീരിയലുകൾ KSDMAയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>എല്ലാ ഇടിമിന്നൽ സീസണിനും മുന്നോടിയായി നോഡൽ ഡിപ്പാർട്ട്മെന്റുകളുടെ യോഗം വിളിച്ചു ചേർക്കുകയും സീസണിലേക്ക് ആവശ്യമായ |

| | | | |
|---|---|---|---|
| | | | തയാറെടുപ്പുകൾക്കു വേണ്ടി നിർദേശം നൽകുകയും ചെയ്യുന്നു.<br><br>സംസ്ഥാനത്തെ ഇടിമിന്നൽ ദുരന്ത ലഘൂകരണത്തിനായി മെച്ചപ്പെട്ട മുന്നറിയിപ്പ് സംവിധാനം എന്ന ലക്ഷ്യത്തിനായി 2020 ഒക്ടോബർ മുതൽ ഒരു വർഷത്തേക്ക് Earth Networksന്റെ സേവനം പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ ലഭ്യമാക്കുകയും തുടർന്ന് ഒരു ഉന്നത സമിതി പരിശോധിക്കുകയും Earth Networksന്റെ സേവനം ഇടിമിന്നൽ ദുരന്ത ലഘൂകരണത്തിനു സംസ്ഥാനത്തിന് അനുയോജ്യമാണെന്ന് ശുപാർശ ചെയ്തിരിക്കുന്നു. Earth Networksന്റെ sferic map വഴി ഇടിമിന്നൽ മേഘങ്ങൾ സഞ്ചരിക്കാൻ സാധ്യതയുള്ള ട്രാക്ക്, ഇടിമിന്നലുകൾ സംബന്ധിച്ചുള്ള അലേർട്ട്, സംഭവിച്ച ഇടിമിന്നലുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ ലഭ്യമാകുന്നു. തുടർന്നുള്ള ഇടിമിന്നൽ സീസണിൽ മേല്പറഞ്ഞ വിവരങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ വഴി ലഭ്യമാണ്.<br><br>ഇടിമിന്നൽ സാധ്യതയേറിയ മേഖലകളിലെ തദ്ദേശസ്വയം ഭരണ സ്ഥാപങ്ങൾക്കു പ്രത്യേക പരിഗണന നൽകി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട സുരക്ഷാ നിർദ്ദേശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ ലഘൂകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>ഇടിമിന്നൽ മുന്നറിയിപ്പുകൾ, പൊതുജനങ്ങൾ സ്വീകരിക്കേണ്ട സുരക്ഷാമുൻകരുതലുകൾ തുടങ്ങിയവ മൺസൂൺ സീസണിൽ എല്ലാ ദിവസവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) പുറപ്പെടുവിക്കുന്ന 'Daily warnings' ൽ ഉൾപ്പെടുത്തുകയും ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ എന്നിവ വഴി മുന്നറിയിപ്പുകൾ നൽകുകയും ചെയ്യുന്നു.<br><br>ഇടിമിന്നൽ ദുരന്ത ലഘൂകരണ പ്രവർത്തന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളുടെ പ്രധാന ചുമതലകൾ എന്നിവ കൃത്യമായി നൽകിയിരിക്കുന്നു.<br><br>ഇടിമിന്നൽ ദുരന്ത ലഘൂകരണത്തിന്റെ ഭാഗമായി വ്യത്യസ്ത മേഖലയിലെ വിദഗ്ധർ നൽകുന്ന വിവിധ |

| | | | |
|---|---|---|---|
| | | | തരത്തിലുള്ള ബോധവത്കരണ വീഡിയോ സന്ദേശങ്ങൾ KSDMAയുടെ Youtube ചാനലിലൂടെ ലഭ്യമാണ്. ഇതുകൂടാതെ വിവിധ ഭാഷയിലുള്ള IEC (Information Education Communication) മെറ്റീരിയലുകൾ KSDMAയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>എല്ലാ ഇടിമിന്നൽ സീസണിനും മുന്നോടിയായി നോഡൽ ഡിപ്പാർട്ട്മെന്റുകളുടെ യോഗം വിളിച്ചു ചേർക്കുകയും സീസണിലേക്ക് ആവശ്യമായ തയാറെടുപ്പുകൾക്കു വേണ്ടി നിർദേശം നൽകുകയും ചെയ്യുന്നു.<br><br>സംസ്ഥാനത്തെ ഇടിമിന്നൽ ദുരന്ത ലഘൂകരണത്തിനായി മെച്ചപ്പെട്ട മുന്നറിയിപ്പ് സംവിധാനം എന്ന ലക്ഷ്യത്തിനായി 2020 ഒക്ടോബർ മുതൽ ഒരു വർഷത്തേക്ക് Earth Networksന്റെ സേവനം പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ ലഭ്യമാക്കുകയും തുടർന്ന് ഒരു ഉന്നത സമിതി പരിശോധിക്കുകയും Earth Networksന്റെ സേവനം ഇടിമിന്നൽ ദുരന്ത ലഘൂകരണത്തിനു സംസ്ഥാനത്തിന് അനുയോജ്യമാണെന്ന് ശുപാർശ ചെയ്തിരിക്കുന്നു. Earth Networksന്റെ sferic map വഴി ഇടിമിന്നൽ മേഘങ്ങൾ സഞ്ചരിക്കാൻ സാധ്യതയുള്ള ട്രാക്ക്, ഇടിമിന്നലുകൾ സംബന്ധിച്ചുള്ള അലേർട്ട്, സംഭവിച്ച ഇടിമിന്നലുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ ലഭ്യമാകുന്നു. തുടർന്നുള്ള ഇടിമിന്നൽ സീസണിൽ മേല്പറഞ്ഞ വിവരങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ വഴി ലഭ്യമാണ്.<br><br>ഇടിമിന്നൽ സാധ്യതയേറിയ മേഖലകളിലെ തദ്ദേശസ്വയം ഭരണ സ്ഥാപങ്ങൾക്കു പ്രത്യേക പരിഗണന നൽകി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ